## മധുരമായ കുട്ടികളെ - നിങ്ങളാണ് ചൈതന്യ ലൈറ്റ് ഹൗസ്, നിങ്ങൾക്ക് എല്ലാവർക്കും ബാബയുടെ പരിചയം നൽകണം, വീട്ടിലേക്കുള്ള വഴി പറഞ്ഞ് കൊടുക്കണം

**ചോദ്യം:-** മുന്നോട്ട് പോകവെ ഏതൊരു നിർദ്ദേശം ഏതൊരു വിധിയിലൂടെ അനേകം ആത്മാക്കൾക്ക് ലഭിക്കാനിരിക്കുന്നു?

**ഉത്തരം:-** മുന്നോട്ട് പോകവെ വളരെ പേർക്ക് ഈ നിർദ്ദേശം ലഭിക്കും അതായത് നിങ്ങൾ ബ്രഹ്മാകുമാർ-കുമാരിമാരുടെ അടുത്തേക്ക് പോകൂ എങ്കിൽ നിങ്ങൾക്ക് ഈ വൈകുണ്ഠത്തിന്റെ അധികാരിയാകുന്നതിനുള്ള ജ്ഞാനം നൽകും. ഈ സൂചന അവർക്ക് ബ്രഹ്മാവിന്റെ സാക്ഷാത്ക്കാരത്തിലൂടെ ലഭിക്കും. വിശേഷിച്ചും ബ്രഹ്മാവിന്റെയും ശ്രീകൃഷ്ണന്റെയും തന്നെ സാക്ഷാത്ക്കാരമുണ്ടാകും. ഏതുപോലെയാണോ ആദിയിൽ സാക്ഷാത്ക്കാരത്തിന്റെ പാർട്ട് നടന്നത്, അതുപോലെ അന്തിമത്തിലും നടക്കും.

**ഓം ശാന്തി**. ആത്മീയ അച്ഛൻ കുട്ടികളോട് ചോദിക്കുകയാണ്, എല്ലാവരോടും ചോദിക്കാൻ സാധിക്കില്ല. മകൾ നളിനിയോട് ചോദിക്കുകയാണ് ഇവിടെ എന്ത് ചെയ്തുകൊണ്ടിരിക്കുകയാണ്? ആരുടെ ഓർമ്മയിലാണ് ഇരിക്കുന്നത്? ബാബയുടെ. കേവലം ബാബയുടെ ഓർമ്മയിൽ മാത്രമാണോ ഇരിക്കുന്നത് അതോ മറ്റെന്തെങ്കിലും ഓർമ്മയുണ്ടോ? ബാബയുടെ ഓർമ്മയിലൂടെ വികർമ്മം വിനാശമാകും, മറ്റെന്താണ് ഓർമ്മിക്കുന്നത്? ഇത് ബുദ്ധിയുടെ ജോലിയല്ലേ. നമ്മൾ ആത്മാക്കൾക്ക് വീട്ടിലേക്ക് പോകണം അതുകൊണ്ട് വീടിനെയും ഓർമ്മിക്കണം. ശരി, വേറെന്ത് ചെയ്യണം? എന്താ വീട്ടിൽ പോയങ്ങനെ ഇരുന്നാൽ മതിയോ! വിഷ്ണുവിന് സ്വദർശന ചക്രം കാണിക്കുന്നില്ലേ. അതിന്റെ അർത്ഥവും ബാബയിപ്പോൾ മനസ്സിലാക്കി തന്നിട്ടുണ്ട്. സ്വ അർത്ഥം ആത്മാവിന്റെ ദർശനം, 84 ജന്മങ്ങളുടെ ചക്രത്തിന്റെ ദർശനം. അപ്പോൾ ഈ ചക്രവും കറക്കേണ്ടതായുണ്ട്. നിങ്ങൾക്കറിയാം നമ്മൾ 84 ന്റെ ചക്രം കറക്കി വീട്ടിലേക്ക് പോകും. വീണ്ടും അവിടെ നിന്ന് വരും പാർട്ടഭിനയിക്കാൻ. വീണ്ടും 84 ന്റെ ചക്രം കറക്കും. വിഷ്ണുവിന് ഒരു ചക്രവും ഉണ്ടായിരിക്കില്ല. വിഷ്ണു സത്യയുഗത്തിലെ ദേവതയാണ്. വിഷ്ണുപുരി അല്ലെങ്കിൽ ലക്ഷ്മീ-നാരായണപുരി, സ്വർഗ്ഗം എന്നും പറയാം. സ്വർഗ്ഗത്തിൽ ലക്ഷ്മീ- നാരായണന്റെ രാജ്യമായിരുന്നു. അഥവാ രാധാ-കൃഷ്ണന്റെ രാജ്യമെന്നാണ് പറയുന്നതെങ്കിൽ അത് തെറ്റാണ് ചെയ്യുന്നത്. രാധയുടെയും-കൃഷ്ണന്റെയും രാജ്യം ഉണ്ടാകുന്നില്ല രണ്ട് പേരും വ്യത്യസ്ത രാജധാനിയിലെ രാജകുമാരനും രാജകുമാരിയുമായിരുന്നു, സ്വയംവരത്തിന് ശേഷമാണ് രാജ്യ പദവിയുടെ അധികാരിയായി മാറുക. അതുകൊണ്ട് വിഷ്ണുവിന് കൊടുത്തിട്ടുള്ള ആ ചക്രം നിങ്ങളുടേതാണ്. അതുകൊണ്ട് ഇവിടെ എപ്പോഴാണോ ഇരിക്കുന്നത് അപ്പോൾ കേവലം ശാന്തിയിൽ മാത്രം ഇരിക്കരുത്, സമ്പത്തും ഓർമ്മിക്കണം അതിനാണ് ഈ ചക്രമുള്ളത്. ബാബ പറയുന്നു നിങ്ങൾ ലൈറ്റ് ഹൗസാണ്, സംസാരിക്കുന്ന സഞ്ചരിക്കുന്ന ലൈറ്റ് ഹൗസാണ്. ഒരു കണ്ണിൽ ശാന്തിധാമവുമുണ്ട്, മറു കണ്ണിൽ സുഖധാമവുമുണ്ട്. രണ്ടിനെയും ഓർമ്മിക്കണം. ഓർമ്മയിലൂടെ പാപം മുറിയണം. വീടിനെ ഓർമ്മിക്കുന്നതിലൂടെ വീട്ടിലെത്തപ്പെടും പിന്നീട് ചക്രത്തെയും ഓർമ്മിക്കണം. ഈ മുഴുവൻ ചക്രത്തിന്റെയും ജ്ഞാനം നിങ്ങൾക്ക് മാത്രമാണുള്ളത്. 84 ന്റെ ചക്രം കറങ്ങിയിട്ടുണ്ട്. ഇപ്പോൾ ഇത് മൃത്യുലോകത്തിലെ അന്തിമ ജന്മമാണ്. പുതിയ ലോകത്തെ പറയുന്നത് അമരലോകമെന്നാണ്. അമരം അർത്ഥം നിങ്ങൾ സദാ ജീവിച്ചിരിക്കുന്നു. നിങ്ങൾ ഒരിക്കലും മരിക്കുന്നില്ല. ഇവിടെയാണെങ്കിൽ ഇരിക്കുന്ന ഇരിപ്പിൽ അകാലമൃത്യു ഉണ്ടാകുന്നു. രോഗങ്ങളുണ്ടാകുന്നു, അവിടെ മരിക്കുന്നതിന്റെ ഭയമില്ല എന്തുകൊണ്ടെന്നാൽ അമരലോകമാണ്. നിങ്ങൾ വൃദ്ധരാകുകയാണെങ്കിലും ജ്ഞാനമുണ്ട് ഞാനിപ്പോൾ ഗർഭകൊട്ടാരത്തിലേക്ക് പോയി പ്രവേശിക്കും. ഇപ്പോൾ പോകുന്നത് ഗർഭ ജയിലിലേക്കാണ്. അവിടെ ഗർഭ കൊട്ടാരമാണ് ഉണ്ടാകുക. അവിടെ ശിക്ഷ അനുഭവിക്കുന്നതിനായി പാപം ചെയ്യുന്നില്ല. ഇവിടെയാണെങ്കിൽ പാപം ചെയ്യുന്നുണ്ട്, ആ കാരണത്താൽ ശിക്ഷ അനുഭവിച്ച് പുറത്ത് വന്നാൽ പിന്നെ പാപം ചെയ്യാനാരംഭിക്കുന്നു. ഇത് പാപാത്മാക്കളുടെ ലോകമാണ്.ഇവിടെ ദുഃഖം മാത്രമാണുണ്ടാകുന്നത്. അവിടെ ദുഃഖത്തിന്റെ പേര് തന്നെയില്ല. അതുകൊണ്ട് ഒരു കണ്ണിൽ ശാന്തിധാമവും, മറു കണ്ണിൽ സുഖധാമവും വെയ്ക്കൂ. നിങ്ങൾ ജന്മ-ജന്മാന്തരം ജപ-തപങ്ങൾ ചെയ്താണ് വന്നത് എന്നാൽ ഈ ജ്ഞാനം ഇല്ലല്ലോ. അതാണ് ഭക്തി. നിങ്ങൾക്ക് ഇതുപോലെ സതോപ്രധാനമാകാൻ സാധിക്കും എന്നതിനുള്ള യാതൊരു യുക്തിയും അതിൽ ലഭിക്കുന്നില്ല. ആരും അറിയുന്നില്ല. കേവലം കേട്ടിട്ടുണ്ട് കൃഷ്ണ ഭഗവാനുവാച ദേഹസഹിതം.... ഇത് ഗീതയുടെ വാക്കുകളാണ് അത് വായിച്ച് കേൾപ്പിക്കുന്നുണ്ട്. അല്ലാതെ നിങ്ങൾ ഇതുപോലെയാകൂ ഇങ്ങനെ പറയുന്നില്ല. കേവലം വായിക്കുന്നുണ്ട് ഭഗവാൻ ഇങ്ങനെ പറഞ്ഞ് പോയിരുന്നു, എപ്പോഴാണോ പതിതരെ പാവനമാക്കാൻ വേണ്ടി വന്നിരുന്നത്. കേവലം ഗീതയിലാണ് പരംപിതാ പരമാത്മാവിന് പകരം കൃഷ്ണന്റെ പേര് എഴുതിയിട്ടുള്ളത്. ഇപ്പോൾ കൃഷ്ണനാ

ണെങ്കിൽ രഥിയല്ലേ. എന്താ കൃഷ്ണന് രഥം വേണോ? കൃഷ്ണൻ സ്വയം ദേഹധാരിയാണ്. കൃഷ്ണന്റെ പേര് ആരാണ് വെച്ചത്? പേരിടൽ ചടങ്ങിലൂടെ എല്ലാവർക്കും പേര് വരുന്നു. ബാബയെയാണെങ്കിൽ കേവലം ശിവനെന്ന് മാത്രമാണ് പറയുന്നത്. നിങ്ങൾ ആത്മാക്കൾ ജനന-മരണത്തിലേക്ക് വരുമ്പോൾ ശരീരത്തിന്റെ പേര് മാറുന്നു. ശിവബാബയാണെങ്കിൽ ജനന-മരണത്തിലേക്ക് വരുന്നില്ല. ബാബ സദാ ശിവൻ മാത്രമാണ്. ബിന്ദുവിടുമ്പോൾ ശിവനെന്ന് പറയാറുണ്ട്. ബിന്ദുവായ ആത്മാവാണെങ്കിൽ തീർത്തും സൂക്ഷ്മമാണ്. അഥവാ ആർക്കെങ്കിലും ആത്മാവിന്റെ സാക്ഷാത്ക്കാരം ഉണ്ടാകുകയാണെങ്കിൽ പോലും മനസ്സിലാകില്ല. ദേവിയെ കണ്ട് സന്തോഷിക്കും. ശരി, ബാക്കി എന്തുണ്ട്, പ്രാപ്തിയൊന്നുമില്ല, അർത്ഥമില്ല. തീവ്രമായ ഭക്തി ചെയ്തു, കേവലം ദർശനം മാത്രം ലഭിച്ചാൽ മതി അതിൽ സന്തുഷ്ടരാകുന്നു. അല്ലാതെ മുക്തി-ജീവൻമുക്തിയുടെ കാര്യമേയില്ല. അതെല്ലാം ഭക്തി മാർഗ്ഗമാണ്. ഇവിടെ ഇതാണ് ജ്ഞാന മാർഗ്ഗം. ഇവിടെ വിശേഷിച്ചും സാക്ഷാത്ക്കാരമുണ്ടാകുന്നത് ബ്രഹ്മാവിന്റേതാണ്, പിന്നീട് ശ്രീകൃഷ്ണന്റേതും ഉണ്ടാകും. പറയും ഈ ബ്രഹ്മാവിന്റെ അടുത്ത് പോകുകയാണെങ്കിൽ നിങ്ങൾ കൃഷ്ണപുരി അഥവാ വൈകുണ്ഠത്തിൽ എത്തും. ലക്ഷ്മീ-നാരായണന്റെയും സാക്ഷാത്ക്കാരം ഉണ്ടാകും. അതുകരുതി, സാക്ഷാത്ക്കാരം ഉണ്ടായിയെന്നാൽ സദ്ഗതിപ്രാപിച്ചു എന്നല്ല. ഇത് കേവലം സൂചനയാണ് ലഭിക്കുന്നത്, ഇവിടേക്ക് പോകൂ. മുന്നോട്ട് പോകവെ വളരെ പേർക്ക് സാക്ഷാത്ക്കാരമുണ്ടാകും. നിർദ്ദേശം ലഭിക്കും. നിങ്ങളുടെ ത്രിമൂർത്തിയും പത്രത്തിൽ വരും, ബ്രഹ്മാകുമാരിമാരുടെ പേരും വരും. അപ്പോൾ ബ്രഹ്മാവിന്റെ തന്നെ സാക്ഷാത്ക്കാരം ഉണ്ടാകും അതായത് ഇവരുടെ അടുത്ത് പോകുന്നതിലൂടെ നിങ്ങൾക്ക് ഈ വൈകുണ്ഠത്തിന്റെ രാജകുമാരനാകുന്നതിനുള്ള ജ്ഞാനം ലഭിക്കും. ഏതുപോലെയാണോ അർജ്ജുനന് വിഷ്ണുവിന്റെയും വിനാശത്തിന്റെയും സാക്ഷാത്ക്കാരമുണ്ടായത്.

ബാബ പറയുന്നു നിങ്ങൾക്ക് എങ്ങനെയുള്ള കമലപുഷ്പ സമാനമാകണം. എന്നാൽ സ്ഥായിയായി നിങ്ങളിരിക്കുന്നില്ല അതുകൊണ്ടാണ് അലങ്കാരം വിഷ്ണുവിന് നൽകിയിരിക്കുന്നത്. അല്ല എങ്കിൽ എന്താ ദേവതകൾക്ക് ശംഖ് മുതലായവയുടെ ആവശ്യമുണ്ടോ. മുഖത്തിലൂടെ കേൾപ്പിക്കുന്നതിനെയാണ് ശംഖ ധ്വനിയെന്ന് പറയുന്നത്. താമരയുടെ രഹസ്യവും ബാബ മനസ്സിലാക്കി തരുന്നുണ്ട്. നിങ്ങൾ ബ്രാഹ്മണർക്ക് ഈ സമയം കമല പുഷ്പ സമാനമാകണം. 5 വികാരങ്ങളാകുന്ന മായയെ ജയിക്കുന്നതിന്റെ മല്ലയുദ്ധമാണ്. ബാബ ഉപായം പറഞ്ഞ് തരികയാണ് എന്നെ മാത്രം ഓർമ്മിക്കൂ എങ്കിൽ നിങ്ങളുടെ വികർമ്മം വിനാശമാകും. ശ്രീമതത്തിലൂടെ നടന്ന് പതിത-പാവനനായ ബാബയെ ഓർമ്മിക്കൂ. ബാബയെ കൂടാതെ രണ്ടാമതൊരു പതിത-പാവൻ ഇല്ല. ബാബ പറയുന്നു എന്നെ വിളിക്കുന്നത് തന്നെ ഇതിന് വേണ്ടിയാണ് അതായത് ഞങ്ങൾ എല്ലാവരെയും ഈ പതിത ലോകത്തിൽ നിന്ന് മോചിപ്പിച്ച് പാവന ലോകത്തിലേക്ക് കൊണ്ട് പോകൂ. അതുകൊണ്ട് ബാബ തന്നെയാണ് വന്ന് എല്ലാ ആത്മാക്കളെയും പതിതത്തിൽ നിന്ന് പാവനമാക്കുന്നത് എന്തുകൊണ്ടെന്നാൽ അപവിത്ര ആത്മാക്കൾക്ക് വീട്ടിലേക്ക് അല്ലെങ്കിൽ സ്വർഗ്ഗത്തിലേക്ക് പോകാൻ സാധിക്കില്ല. ബാബ പറയുകയാണ് പവിത്രമാകണമെങ്കിൽ എന്നെ ഓർമ്മിക്കൂ. ഓർമ്മയിലൂടെ തന്നെ നിങ്ങളുടെ പാപം മുറിഞ്ഞുകൊണ്ടിരിക്കും. ഇത് ഞാൻ ഗ്യാരണ്ടി നൽകുകയാണ്. വിളിക്കുന്നു - അല്ലയോ പതിത-പാവനാ വരൂ. ഞങ്ങളെ പാവനമാക്കി പുതിയ ലോകത്തിലേക്ക് കൊണ്ട് പോകൂ. അപ്പോൾ എങ്ങനെ പോകും? എത്ര വ്യക്തമായ കാര്യമാണ് പറയുന്നത്. ബാബയുടേത് സഹജ ജ്ഞാനവും സഹജമായ കാര്യവുമാണ്. പറയുന്നു ജോലികാര്യങ്ങളെല്ലാം ചെയ്തുകൊണ്ടും എന്നെ ഓർമ്മിക്കൂ. ജോലി മുതലായവയെല്ലാം ചെയ്യൂ, ഭക്ഷണമുണ്ടാക്കുകയാണെങ്കിലും ഓർമ്മയിലിരുന്ന്, അപ്പോൾ ഭക്ഷണവും ശുദ്ധമാകും അതുകൊണ്ടാണ് മഹിമയുള്ളത് ബ്രഹ്മാ ഭോജനത്തിനായി ദേവതകൾ പോലും ആഗ്രഹിക്കുന്നു. ഈ പെൺകുട്ടികൾ പ്രസാദവുമായി പോകുന്നു. അപ്പോൾ അവിടെ സഭ കൂടുന്നു. ബ്രാഹ്മണരുടെയും ദേവതകളുടെയും മേള നടക്കുന്നു. ഭോജനം സ്വീകരിക്കാൻ വരുന്നു. ബ്രാഹ്മണർ ഭക്ഷണം കഴിക്കുമ്പോഴും മന്ത്രം ജപിക്കാറുണ്ട്. ബ്രഹ്മാ ഭോജനത്തിന് വളരെ മഹിമയുണ്ട്. സന്യാസിയാണെങ്കിൽ ബ്രഹ്മത്തെ മാത്രമാണ് ഓർമ്മിക്കുന്നത്. അവരുടെ ധർമ്മം തന്നെ വേറെയാണ്. അവരാണ് പരിധിയുള്ള സന്യാസി. പറയുന്നു ഞങ്ങൾ വീടും-കുടുംബവും സമ്പത്തുമെല്ലാം തന്നെ ഉപേക്ഷിച്ചു. പിന്നീടിപ്പോൾ നാട്ടിലേക്ക് തള്ളിക്കയറുന്നു. നിങ്ങളുടേതാണ് പരിധിയില്ലാത്ത സന്യാസം. നിങ്ങൾ ഈ പഴയ ലോകത്തെ തന്നെ മറക്കുന്നു. നിങ്ങൾക്ക് പിന്നീട് പുതിയ ലോകത്തിലേക്ക് പോകണം. വീട്-കുടുംബത്തിൽ കഴിഞ്ഞുകൊണ്ടും ബുദ്ധിയിൽ ഇതുണ്ട് അതായത് ഇപ്പോൾ നമുക്ക് ശാന്തിധാമം വഴി സുഖധാമത്തിലേക്ക് പോകണം. ശാന്തിധാമത്തെയും ഓർമ്മിക്കണം. ബാബയെയും, ശാന്തിധാമത്തെയും സുഖധാമത്തെയും ഓർമ്മിക്കുന്നു. ഇത് നമ്മുടെ വളരെ ജന്മങ്ങളുടെ അന്തിമ ജന്മമാണ്. 84 ജന്മം പൂർത്തിയായി. സൂര്യവംശിയിൽ നിന്ന് ചന്ദ്രവംശി പിന്നീട് വൈശ്യ, ശൂദ്ര വംശിയായി.... അവർ പിന്നീട് പറയുന്നു ആത്മാവ് തന്നെയാണ് പരമാത്മാവ്, ആത്മാവിൽ യാതൊന്നും പതിയുന്നും മായുന്നുമില്ല എന്തുകൊണ്ടെന്നാൽ ആത്മാവ് തന്നെയാണ് പരമാത്മാവ്. ബാബ പറയുന്നു- ഇതും അവരുടെ തെറ്റായ അർത്ഥമാണ്. ബാബയിരുന്നു ഹംസോയുടെ

(നമ്മൾ തന്നെയാണ് അത്, അത് തന്നെയാണ് നമ്മൾ) അർത്ഥം മനസ്സിലാക്കി തരുന്നു. നമ്മൾ ആത്മാക്കൾ പരംപിതാ പരമാത്മാവിന്റെ സന്താനങ്ങളാണ്. ആദ്യം നമ്മൾ സ്വർഗ്ഗവാസി ദേവതയായിരുന്നു പിന്നീട് ചന്ദ്രവംശീ ക്ഷത്രിയനായി, 2500 വർഷം പൂർത്തിയായി വൈശ്യ ശൂദ്ര വംശീ വികാരിയായി. ഇപ്പോൾ നമ്മൾ കുടുമയുള്ള ബ്രാഹ്മണനാകുന്നു. ഇവിടെയിരിക്കുന്നു, 84 ന്റെ കരണം മറിച്ചിൽ കളി കളിക്കുന്നത് പോലെ. ഇത് കരണം മറിച്ചിലിന്റെയും ജ്ഞാനമാണ്. മുൻപ് തീർത്ഥ സ്ഥലങ്ങളിൽ പോകുമ്പോൾ ഇങ്ങനെ കുട്ടിക്കരണം മറിഞ്ഞ് മാതൃക കാണിക്കാറുണ്ടായിരുന്നു. ഇപ്പോൾ നിങ്ങളുടേത് സത്യമായ തീർത്ഥയാത്രയാണ് – ശാന്തിധാമത്തിലേക്കും സുഖധാമത്തിലേക്കും. നിങ്ങളാണ് ആത്മീയ വഴികാട്ടി. എല്ലാവർക്കും നിർദ്ദേശം നൽകുന്നു– ബാബയെ ഓർമ്മിക്കുകയാണെങ്കിൽ ശാന്തിധാമത്തിലേക്കും സുഖധാമത്തിലേക്കും പോകാം. സന്യാസി ഗുരു തുടങ്ങിയ എല്ലാവരും ശാന്തിധാമത്തിലേക്ക് പോകുന്നതിന് വേണ്ടി തന്നെയാണ് പരിശ്രമിക്കുന്നത്. എന്നാൽ പോകാൻ ആർക്കും സാധിക്കില്ല. പോകുമ്പോൾ പിന്നീട് മുഴുവൻ സഭയും ഒരുമിച്ച് മടങ്ങും. ബാബ മനസ്സിലാക്കി തന്നിട്ടുണ്ട് സത്യയുഗത്തിൽ വളരെ കുറച്ച് പേരാണ് ഉണ്ടാകുന്നത് പിന്നീട് വൃദ്ധി ഉണ്ടായിക്കൊണ്ടിരിക്കുന്നു. അതുകൊണ്ട് നിങ്ങളാണ് സ്വദർശന ചക്രധാരി. ദേവതകളല്ല. എന്നാൽ ഈ സമയം മായയുമായി നിങ്ങളുടെ യുദ്ധം നടന്നകൊണ്ടിരിക്കുകയാണ്. ലോകത്തിലെ യുദ്ധത്തിലും ആരെയാണോ ശക്തിശാലിയെന്ന് മനസ്സിലാക്കുന്നത് അവരുടെ അടുത്ത് പോയി ശരണം പ്രാപിക്കാറുണ്ട്. ഇപ്പോൾ നിങ്ങൾ ആരുടെ ശരണമെടുക്കും? സ്ത്രീയും–പുരുഷനും രണ്ട് പേരും പറയുന്നു ഞങ്ങൾ അങ്ങയെ ശരണം പ്രാപിക്കുന്നു. എന്റേത് ഒരേഒരു ശിവബാബ, രണ്ടാമത് ആരുമില്ല, എല്ലാ ആത്മാക്കളുടെയും പിതാവ് ഒന്നല്ലേ. ആ ഒരാളുടെ മക്കളാണ് നിങ്ങൾ. സന്യാസിയും ഗുരുക്കൻമാരും ഒരാൾ മാത്രമല്ല ഉള്ളത്. അനേക ഭഗവാൻമാരാകുന്നു. ആരാണോ വീട്ടിൽ നിന്ന് പിണങ്ങി പോയത് അവർ ഭഗവാൻ, പിന്നീട് വലിയ–വലിയ ധനവാനും, കോടിപതിയും പോയി അവരുടെ ശിഷ്യരാകുന്നു പിന്നീട് മോശമായ ഭക്ഷണ–പാനീയത്തിന്റെ സഭ കൂടുന്നു. തമോപ്രധാന മനുഷ്യരല്ലേ. ഹിന്ദുക്കൾക്കാണെങ്കിൽ അവരുടെ ധർമ്മത്തെക്കുറിച്ചേ അറിയില്ല.

ബാബ മനസ്സിലാക്കി തരുന്നു നിങ്ങൾ വാസ്തവത്തിൽ ആദി സനാതന ദേവീ–ദേവതാ ധർമ്മത്തിലേതാണ്, എന്നാൽ പതിതമായിരിക്കുന്നു അതുകൊണ്ട് സ്വയത്തെ ദേവതയെന്ന് പറയാൻ സാധിക്കില്ല. ആ ധർമ്മം തന്നെ പ്രായഃ ലോപമായി പോയിരിക്കുന്നു. മനുഷ്യർ എത്ര വികാരിയും ക്രിമിനൽ ദൃഷ്ടിയുള്ളവരുമാണ്. ഒരു മന്ത്രി ബാബയുടെ അടുത്ത് വന്നിരുന്നു, പറഞ്ഞു – എന്റേത് ക്രിമിനൽ ദൃഷ്ടിയാണ്. ഇപ്പോൾ ബാബ മനസ്സിലാക്കി തരുന്നു – കുട്ടികളെ, സിവിൽ ദൃഷ്ടിയുള്ളവരാകൂ. ഏത്വരെ ക്രിമിനൽ ദൃഷ്ടി വരുന്നുണ്ടോ അത് വരെ നിങ്ങൾ പതിതമാണ്. സ്വയത്തെ സഹോദര–സഹോദരനാണെന്ന് മനസ്സിലാക്കൂ അപ്പോൾ ആ ക്രിമിനൽ ദൃഷ്ടി ദൂരെ പോകും. നമ്മൾ ആത്മാവ് സഹോദര– സഹോദരങ്ങളാണ്. ആത്മാവിന്റെ സിംഹാസനം ഈ ഭൃകുടിയാണ്. ഇതിനെയാണ് പറയുന്നത് അകാല സിംഹാസനം. അകാലനായ ആത്മാവ് ഈ സിഹാസനത്തിൽ വിരാജിതനാണ്. ശരീരമാണെങ്കിൽ മണ്ണിന്റെ ബിംബമാണ്. മുഴുവൻ പാർട്ടും ആത്മാവിൽ തന്നെയാണ് നിറഞ്ഞിരിക്കുന്നത്. ബാബ പറയുന്നു ഞാൻ അയ്യായിരം വർഷങ്ങൾക്ക് ശേഷമാണ് വരുന്നത്, നിങ്ങൾ കുട്ടികൾക്ക് സമ്പത്ത് നൽകാൻ. നിങ്ങൾക്കറിയാം നമ്മൾ ഹെൽത്ത്, വെൽത്ത്, ഹാപ്പിനസ്സിന്റെ സമ്പത്തെടുക്കാനാണ് വന്നിരിക്കുന്നത്. സത്യയുഗത്തിൽ അളവില്ലാത്ത ധനം ലഭിക്കുന്നു. നിങ്ങൾ 21 ജന്മം ദേവതയാകുന്നു. വാർദ്ധക്യത്തിലെത്താതെ ആരും മരിക്കുകയില്ല. ഇവിടെയാണെങ്കിൽ ഇരിക്കുന്ന ഇരിപ്പിൽ പെട്ടന്ന് മരിച്ച് പോകുന്നു. ഗർഭത്തിൽവെച്ച് പോലും മരിച്ച് പോകുന്നു. അവിടെയാണെങ്കിൽ ദുഃഖത്തിന്റെ പേരേ ഉണ്ടായിരിക്കില്ല. അതിനെ പറയുന്നത് സുഖധാമം, രാമ രാജ്യം എന്നാണ്. ഇതാണ് ദുഃഖധാമം രാവണ രാജ്യം. സത്യയുഗത്തിൽ രാവണൻ ഉണ്ടായിരിക്കുകയില്ല.

അപ്പോൾ ഈ 84 ന്റെ ചക്രവും നിങ്ങൾക്ക് ബുദ്ധിയിൽ ഓർമ്മയുണ്ടായിരിക്കും. വളരെ സന്തോഷമുണ്ടായിരിക്കും. നിങ്ങൾക്കറിയാം നമ്മൾ പുതിയ വിശ്വത്തിന്റെ അർത്ഥം സത്യയുഗത്തിന്റെ അധികാരിയാകുന്നവരാണ്. ഗീതയിലും ഭഗവാനുവാചയില്ലേ – അല്ലയോ കുട്ടികളെ, ദേഹ സഹിതം ദേഹത്തിന്റെ എല്ലാ സംബന്ധങ്ങളെയും ഉപേക്ഷിക്കൂ. സ്വയത്തെ ആത്മാവെന്ന് മനസ്സിലാക്കി എന്നെ മാത്രം ഓർമ്മിക്കൂ. നിങ്ങളുടെ കൂട്ടുകാരനായ ഈശ്വരനാണത്. അള്ളാഹുവിന്റെയും അലാവുദീന്റെയും, ഹാത്മതായിയുടെയും നാടകം – എല്ലാം ഈ സമയത്തേതാണ്. ഇപ്പോൾ മനുഷ്യർ എത്രയാണ് തലപുകച്ചുകൊണ്ടിരിക്കുന്നത്– കുറച്ച് കുട്ടികളേ ജനിക്കാവൂ. പരിധിയില്ലാത്ത ബാബ എത്ര കുറയ്ക്കുന്നു. മുഴുവൻ വിശ്വത്തിലും, സത്യയുഗത്തിൽ ഒൻപത് ലക്ഷം പേരായിരിക്കും അവശേഷിക്കുക. ബാക്കി ഇത്രയും കോടി മനുഷ്യർ ഉണ്ടായിരിക്കുകയില്ല. എല്ലാവരും മുക്തിധാമം, ശാന്തിധാമത്തിലേക്ക് പോകും. ഇതാണെങ്കിൽ അദ്ഭുതത്തിന്റെ കാര്യമല്ലേ. ശാസ്ത്രങ്ങളിൽ പിന്നീട് കൃഷ്ണനെ പ്രതി ഹിംസാത്മകമായ കാര്യങ്ങൾ എഴുതിയിരിക്കുന്നു. എല്ലാവരെയും സ്വദർശ്ശന ചക്രം കൊണ്ട് വധിച്ചു. ഇതും ഗ്ലാനിയല്ലേ. എത്ര ഹിംസകനാക്കിയിരിക്കുന്നു.

നിങ്ങൾ ഡബിൾ അഹിംസകരാകുന്നു. കാമ കഠാര പ്രയോഗിക്കുക ഇതും ഹിംസയാണ്. ദേവതകളെയാണെങ്കിൽ പവിത്രമെന്നാണ് പറയുന്നത്. യോഗബലത്തിലൂടെ വിശ്വത്തിന്റെ അധികാരിയാകാമെങ്കിൽ എന്താ യോഗബലത്തിലൂടെ കുട്ടികൾക്ക് ജന്മം കൊടുക്കാൻ സാധിക്കില്ലേ. സാക്ഷാത്ക്കാരമുണ്ടാകും ഇപ്പോൾ കുട്ടിയുണ്ടാകണം. ബാബ മനസ്സിലാക്കുന്നുണ്ട് ഇപ്പോൾ ഈ പഴയ ശരീരം ഉപേക്ഷിക്കും പിന്നീട് വായിൽ സ്വർണ്ണക്കരണ്ടിയോടെ ജനിക്കും. നിങ്ങളും മനസ്സിലാക്കുന്നുണ്ട് നമ്മൾ അമരലോകത്തിൽ ജന്മമെടുക്കുമ്പോൾ വായിൽ സ്വർണ്ണക്കരണ്ടി ഉണ്ടായിരിക്കും. പാവപ്പെട്ട പ്രജകളും വേണ്ടേ. ദുഃഖത്തിന്റെ യാതൊരു കാര്യം തന്നെ ഉണ്ടായിരിക്കില്ല. പ്രജകളുടെ അടുത്ത് ഇത്രയും ധനവും വസ്തുവൈഭവങ്ങളൊന്നും ഉണ്ടായിരിക്കില്ല. ബാക്കി, അതെ സുഖമായിരിക്കും, ആയുസ്സ് വലുതായിരിക്കും. രാജാവ്, റാണി, ധനവാനായ പ്രജ എല്ലാവരും വേണ്ടേ. ശരി!

വളരെക്കാലത്തെ വേർപാടിനു ശേഷം തിരിച്ചു കിട്ടിയ മധുര-മധുരമായ കുട്ടികളെ പ്രതി മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹ സ്മരണയും സുപ്രഭാതവും. ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്കാരം.

## ധാരണയ്ക്കുളള മുഖ്യ സാരം:-

1) ബാബയുടെ ഓർമ്മയോടൊപ്പമൊപ്പം സന്തോഷത്തിൽ കഴിയുന്നതിന് വേണ്ടി 84 ന്റെ ചക്രത്തെയും ഓർമ്മിക്കണം. സ്വദർശന ചക്രം കറക്കണം. ഭഗവാനെ തന്റെ സത്യമായ കൂട്ടുകാരനാക്കണം.

2) ഡബിൾ അഹിംസകരാകുന്നതിന് വേണ്ടി ക്രിമിനൽ ദൃഷ്ടിയെ മാറ്റി സിവിൽ ദൃഷ്ടിയാക്കണം. നമ്മൾ ആത്മാക്കൾ സഹോദര-സഹോദരങ്ങളാണ്, ഈ അഭ്യാസം ചെയ്യണം.

## വരദാനം:-സർവ്വശക്തിവാനായ ബാബയെ കമ്പൈന്റ് രൂപത്തിൽ കൂടെ വെക്കുന്നവരായ സഫലതാ മൂർത്തിയായി ഭവിക്കട്ടെ.

ഏത് കുട്ടികളോടൊപ്പമാണോ സർവ്വശക്തിവാൻ ബാബ സംയുക്തരൂപത്തിലുള്ളത് അവർക്ക് സർവ്വശക്തികളുടെ മേലും അധികാരമുണ്ട് മാത്രമല്ല എവിടെ സർവ്വശക്തിവാനുണ്ടോ അവിടെ സഫലത ഇല്ലാതിരിക്കുക അസംഭവ്യമാണ്. അഥവാ സദാ ബാബയോടൊപ്പം സംയുക്തമായിരിക്കുന്നതിൽ കമ്മിയുണ്ടെങ്കിൽ സഫലതയും കമ്മിയായിരിക്കും. സദാ കൂട്ട് നിറവേറ്റുന്ന അവിനാശിയായ കൂട്ടുകാരനെ കമ്പൈന്റാക്കി വെക്കുകയാണെങ്കിൽ സഫലത ജന്മസിദ്ധ അധികാരമാണ്, എന്തുകൊണ്ടെന്നാൽ സഫലത മാസ്റ്റർ സർവ്വശക്തിവാന്റെ മുന്നിലും പിന്നിലും കറങ്ങിക്കൊണ്ടിരിക്കും.

## സ്ലോഗൻ:- സത്യമായ വൈഷ്ണവർ അവരാണ് ആരാണോ വികാരമാകുന്ന അഴുക്കിനെ തൊടുക പോലും ചെയ്യാത്തത്.